(ബി) ഇതിൽ ഏതെല്ലാം റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) ഇതിൽ ഓരോ റോഡുകളുടെയും നിലവിലെ സ്ഥിതി എന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളായി ഏറ്റെടുത്തിരിക്കുന്ന റോഡുകൾ ചുവടെ ചേർക്കുന്നു :

1. ചുണ്ട ജംഗ്ഷൻ - ചാരിറ്റി റോഡ്
2. കോട്ടത്തറ-കോക്കുഴി റോഡ്
3. മടക്കിമല - മലന്തോട്ടം റോഡ്
4. കടച്ചിക്കുന്ന്- വാളത്തൂർ റോഡ്

(ബി) ഘട്ടം 8-ൽ ഉൾപ്പെട്ട നാല് പ്രവൃത്തികൾക്കും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(സി) ചുണ്ട ജംഗ്ഷൻ- ചാരിറ്റി റോഡ് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കോട്ടത്തറ-കോക്കുഴി റോഡ്, മടക്കിമല-മലന്തോട്ടം റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തതിനാൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. കടച്ചിക്കുന്ന്-വാളത്തൂർ റോഡിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരുന്നു.

തൊഴിലുറപ്പ് പദ്ധതി

61 (3028) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിക്ക് 2006-07 മുതൽ ഓരോ വർഷവും ലഭിച്ച തൊഴിൽ ദിനങ്ങൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ വർഷവും ലഭിച്ച കേന്ദ്ര വിഹിതം എത്ര; സംസ്ഥാന വിഹിതം എത്ര ; വിശദാംശം ലഭ്യമാക്കുമോ ;

(സി) 2014-15 വർഷം വേതനം കൃത്യസമയത്ത് നല്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ ;

(ഡി) 2014-15 വർഷത്തെ എത്ര ശതമാനം വേതനം ഇനി നൽകുവാനുണ്ട് എന്നും ആയതിന് എത്ര ഇക വേണ്ടിവരുമെന്നും എപ്പോൾ ലഭ്യമാക്കും എന്നും വ്യക്തമാക്കുമോ ;

(ഇ) 2014-15 വർഷം എത്ര തൊഴിൽ ദിനം ലഭ്യമാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) കേന്ദ്ര സർക്കാർ തൊഴിലുറപ്പ് പദ്ധതി ഫണ്ട് കുറയ്ക്കാൻ നീക്കം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ച് ലഭിക്കാനായി കേന്ദ്രത്തോട് എന്തൊക്കെ കാര്യങ്ങൾ ആവശ്യപ്പെട്ടു ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) കേന്ദ്ര വിഹിതം ലഭ്യമാകാൻ വൈകിയതിനെത്തുടർന്ന്, 2014-15 സാമ്പത്തിക വർഷം ചില മാസങ്ങളിൽ വേതനം വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്.

(ഡി) 18-3-2015-ലെ കണക്ക് പ്രകാരം 2014-15 സാമ്പത്തിക വർഷം പണിയെടുത്ത തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ 1482.74 കോടി രൂപയുടെ വേതനത്തിന് അർഹരായിട്ടുണ്ട്. ഇതിൽ 1395.04 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി വരുന്ന 87.70 കോടി രൂപ, അതായത് അർഹതപ്പെട്ട വേതനത്തിന്റെ 5.9 ശതമാനം ഇക ഇനി നൽകാനുണ്ട്. പ്രസ്തുത ഇക അടിയന്തരമായി കൊടുത്തു തീർക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) 2014-15 വർഷം 18-3-2015-ലെ കണക്ക് പ്രകാരം 490.58 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(എഫ്) ഇല്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly